നമ്പർ എം.റ്റി(3) 31428/07 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, തീയതി: 28/2/08

## സർക്കുലർ നമ്പർ- 12/08

വിഷയം- സഹകരണ വകുപ്പ് - ഒറ്റപ്പാലം താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സംഘം ലിമിറ്റഡ് നമ്പർ.പി.908- മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന- 1) സംഘം ഭരണസമിതിയുടെ 11-5-07 ലെ 3-ാം നമ്പർ തീരുമാനം

2) പാലക്കാട് ജോയിന്റ് രജിസ്ട്രാറുടെ 19-6-20007, 3-12-20007, 16-2-2008 എന്നീ തീയതികളിലെ 3746/07/എസ്.റ്റി നമ്പർ കത്തുകൾ.

ഒറ്റപ്പാലം താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സഹകരണ സംഘത്തിന്, സംഘത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും, സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സഹകരണ കോളേജിന്റെ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുന്നതിന് മതിയായ ഫണ്ട് ഇല്ലാത്തതിനാൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാറുടെ അനുമതിക്കായി സംഘം ഭരണസമിതി സൂചന (1) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ഒറ്റപ്പാലം താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സഹകരണ സംഘത്തിന് നിലവിൽ സാമ്പത്തിക പരിമിതികൾ ഉള്ളതിനാൽ സഹകരണ കോളേജിന്റെ പ്രവർത്തനം നല്ലരീതിയിൽ തുടർന്നുകൊണ്ടുപോകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും, മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിന് അനുമതി

നൽകണമെന്ന സംഘത്തിന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം പാലക്കാട് ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘത്തിന്റെ അപേക്ഷയും ജോയിന്റ് രജിസ്ട്രാറുടെ ശുപാർശയും കണക്കിലെടുത്ത് അതാത് സംഘങ്ങളുടെ ബൈലോ വ്യവസ്ഥയ്ക്കും, കേരള സഹകരണ നിയമം/ചട്ടം എന്നിവയ്ക്ക് വിധേയമായും നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഒറ്റപ്പാലം താലൂക്ക് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സംഘം ക്ലിപ്തം നമ്പർ.പി.908 ൽ നിക്ഷേപം നടത്തുന്നതിന് പാലക്കാട് ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണസ്ഥാപനങ്ങൾക്ക് ഇതിനാൽ അനുമതി നൽകുന്നു.

ഒപ്പ്/-
റാണി ജോർജ് .ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

സെക്രട്ടറി,
ഒറ്റപ്പാലം താലൂക്ക് കോ-ഓപ്പറേറ്റീവ്
എഡ്യൂക്കേഷണൽ സംഘം ക്ലിപ്തം നമ്പർ.പി.908

പകർപ്പ്–1) ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)
[പാലക്കാട് (സർക്കുലർ നിർദ്ദേശം സഹകരണസംഘങ്ങളുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്

2) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്), ഒറ്റപ്പാലം, മണ്ണാർക്കാട്, ആലത്തൂർ, ചിറ്റൂർ, പാലക്കാട്.

3) സ്റ്റോക്ക് ഫയൽ

4) സ്പെയർ

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി